# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 960      01.03.2017 -ൽ മറുപടിക്ക്

## കോട്ടയ്ക്കലിൽ ഭാരതപ്പുഴയോരം സംരക്ഷണക്ഷണഭിത്തി കെട്ടാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പേരശ്ശന്നൂർ പിഷാരക്കൽ ഭഗവതി ക്ഷേത്രത്തിന്റെ ഭാരതപ്പുഴയോട് ചേർന്നുള്ള ഭാഗം ഭിത്തികെട്ടി സംരക്ഷിക്കണമെന്ന അപേക്ഷയും, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചെങ്ങണക്കടവ് പ്രദേശത്ത് സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കണമെന്ന അപേക്ഷയും സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത് സംബന്ധിച്ച് ചീഫ് എഞ്ചിനീയർ എടുത്ത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;<br>(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുവാൻ ആവശ്യമായ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) യും (സി) യും കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പേരശ്ശന്നൂർ പിഷാരക്കൽ ഭഗവതി ക്ഷേത്രത്തിന്റെ ഭാരതപ്പുഴയോട് ചേർന്നുള്ള ഭാഗം സംരക്ഷിക്കുന്നതിനായി 50.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് RMF -ൽ ഉൾപ്പെടുത്തി സംസ്ഥാനതല വിദഗ്ധ സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.<br>കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയിലെ പ്രവൃത്തിയായ ചെങ്ങണം കടവിൽ ഭാരതപ്പുഴയുടെ വലതുകര സംരക്ഷിക്കുന്നതിനായി 21.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ